# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 01.06.2024 മുതൽ 05.06.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 22/2024 (44) വെള്ളിയാഴ്ച്ച | തീയ്യതി 31/05/2024 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 മെയ് 25 മുതൽ മെയ് 31 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 ജൂൺ 01 മുതൽ ജൂൺ 05 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 25/05 | 26/05 | 27/05 | 28/05 | 29/05 | 30/05 | 31/05 | തീയ്യതി | 01/06 | 02/06 | 03/06 | 04/06 | 05/06 |
| 39.9 | 0.0 | 2.1 | 6.8 | 31.8 | 4.8 | 9.3 | മഴ (മില്ലീമീറ്റർ) | 15 | 10 | 14 | 8 | 11 |
| 28.5 | 32.0 | 31.4 | 32.0 | 27.8 | 30.9 | 29.3 | ഉയർന്ന താപനില (°C) | 30 | 31 | 32 | 32 | 32 |
| 24.7 | 25.2 | 25.0 | 23.6 | 24.6 | 25.2 | 25.0 | കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| Overcast | Cloudy | Cloudy | Overcast | Cloudy | Overcast | Cloudy | AM മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Cloudy | Overcast |
| Cloudy | Overcast | Cloudy | Overcast | Overcast | Cloudy | | PM | | | | | |
| 97 | 93 | 93 | 95 | 95 | 95 | 98 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 94 | 94 | 94 | 94 | 94 |
| 64 | 77 | 79 | 97 | 94 | 98 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 89 | 89 | 89 | 89 | 89 |
| 1.1 | 1.5 | 1.9 | 2.7 | 0.9 | 1.5 | 1.3 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| C | C | C | C | C | WSW | C | AM കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | WSW | SW | W | WSW |
| NW | NNW | SSW | NW | WSW | C | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 94.7 | 630.8 | 498.6 |

കാലാവസ്ഥാ അറിയിപ്പ്: 2024 മെയ് 31 മുതൽ ജൂൺ 02 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ കാറ്റ് മണിക്കൂറിൽ 30 മുതൽ 40 കി.മീ വേഗതയിൽ അനുഭവപ്പെടാൻ സാധ്യതയുണ്ട്.

SMS: - IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

പൊതുനിർദേശങ്ങൾ: കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. കൃഷിയിടങ്ങളിൽ വേണ്ടത്ര നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | - | വേനൽമഴ ലഭിച്ച സ്ഥലങ്ങളിൽ വിരിപ്പ് കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ചെയ്യാം. ഒരു കിലോഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് കലക്കിയ ലായനിയിൽ അര മണിക്കൂർ കുതിർത്ത് വെച്ച് വിതയ്ക്കുക. |
| തെങ്ങ് | - | തെങ്ങിന്റെ തടം തുറന്ന് ഓരോ വലിയ തെങ്ങിനും ഒരു കിലോ കുമ്മായം വീതം ഇട്ടുകൊടുക്കുക. |
| ഇഞ്ചി | മൂട് ചീയൽ | ഇഞ്ചിയിൽ മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്ത് 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. |
| പച്ചക്കറികൾ | - | പച്ചച്ചക്കറികൾ നടാനുള്ള നേഴ്സറികൾ തയ്യാറാക്കാം. പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ സ്യൂഡോമോണാസ് കൾച്ചർ ചേർക്കുന്നത് വഴി കുമിൾ രോഗങ്ങൾ ഒരു പരിധി വരെ തടയാവുന്നതാണ്. |

മൃഗസംരക്ഷണം-:കോഴിക്കൂട് നിർമ്മിക്കുവാനായി ഈർപ്പം അധികം വരാൻ ഇടയില്ലാത്ത സ്ഥലം തിരഞ്ഞെടുക്കണം.മഴച്ചാറ്റൽ ഉള്ളിൽ വീഴാതിരിക്കാൻ മേൽക്കൂരയുടെ ചായ്‌വ് നീട്ടികൊടുക്കണം. (CAADECCS, KVASU, Mannuthy).